# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*289 | 11.12.2018 ൽ മറുപടിയ്ക്ക്

## മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് രാജ്യാന്തര വിപണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.അബ്ദുൽ ഹമീദ്. പി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക വിഭവങ്ങളിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി അവയ്ക്ക് വിപണി കണ്ടെത്തുന്നതിനും ഇത്തരം ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണനം നടത്തുന്നതിനും കർഷകരെ തന്നെ പ്രാപ്തരാക്കി സംരംഭകരാക്കി മാറ്റുന്നതിനുമുള്ള പരിപാടികൾ നടന്നുവരികയാണ്. നിലവിൽ, പൈനാപ്പിൾ, മാങ്ങ എന്നിവയിൽ നിന്നുള്ള ഗുണനിലവാരമുള്ള പാനീയങ്ങൾ കൃഷി വകുപ്പിന്റെ കീഴിലുള്ള നടുക്കരയിലെ വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയിൽ നിന്നും KAICO യുടെ പുനലൂരിലുള്ള ഫാക്ടറിയിൽ നിന്നും ജൈവ്, ജ്യോതി എന്നീ പേരുകളിൽ ഉല്പാദിപ്പിച്ച് വിപണിയിൽ എത്തിച്ചു വരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ മാളയിൽ KAICO യുടെ കീഴിലുള്ള ഫാക്ടറിയിൽ നിന്നും ചക്കയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്തുവരുന്നുണ്ട്.

കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ സർക്കാർ ധനസഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പഴം സംസ്കരണ യൂണിറ്റ് - കോട്ടയം ജില്ലയിലെ പാറത്തോട് പ്രവർത്തിക്കുന്ന യൂണിറ്റിൽ വാഴപ്പഴം, പൈനാപ്പിൾ, എന്നിവ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി 'തളിർ' ബ്രാൻഡിൽ വിതരണം തുടങ്ങിയിട്ടുണ്ട്. ബനാന കേക്ക്, പഴവർഗ്ഗങ്ങളുടെ

കാൻഡികൾ എന്നിവയും വിപണിയിൽ എത്തിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**2.** ചിപ്സ് യൂണിറ്റ് - എറണാകുളം ജില്ലയിലെ കാഞ്ഞൂർ, തിരുവാണിയൂർ സ്വാശ്രയ കർഷക സമിതികളുടെ മേൽനോട്ടത്തിൽ നാടൻ നേന്ത്രക്കായയിൽ നിന്നും ചിപ്സ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

**3.** മരച്ചീനി സംസ്കരണ യൂണിറ്റ് - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സ്വാശ്രയ കർഷക സമിതിയുടെ കീഴിൽ മരച്ചീനിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ചിപ്സ്, മിക്സ്ചർ, പക്കാവട, മുറുക്ക് എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

**4.** കട്ട് വെജിറ്റബിൾ യൂണിറ്റ് - കേരളീയ വിഭവങ്ങളായ സാമ്പാർ, അവിയൽ, വിവിധ ഇനം മെഴുക്കുപുരട്ടി, തോരൻ എന്നിവ പാകം ചെയ്യുന്നതിന് പച്ചക്കറികൾ കഷ്ണങ്ങളാക്കി റെഡി ടു കുക്ക് പായ്ക്കറ്റുകളിൽ കട്ട് വെജിറ്റബിൾസ് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നു. തിരുവനന്തപുരം (കോവിൽ നട), തൃശ്ശൂർ (പഴയന്നൂർ), എറണാകുളം (കുറുമശ്ശേരി), കോഴിക്കോട് (വെള്ളന്നൂർ) ജില്ലകളിൽ കട്ട് വെജിറ്റബിൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കേരാഫെഡ് 2013 മുതൽ തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ തേങ്ങ ചിരകിയത് (Dessicated coconut), തേങ്ങപ്പൊടി (Coconut Milk Powder) എന്നിവ കരുനാഗപ്പള്ളി ഫാക്ടറിയിലും വെളിച്ചെണ്ണയും ആയുർവേദ മൂലികകളും അടങ്ങിയ കേരാഫെഡിന്റെ ബ്രാന്റായ "കേരജം കേശാമൃത്" ഹെർബൽ ഓയിൽ, നടുവണ്ണൂർ ഫാക്ടറിയിലും ഉല്പാദിപ്പിച്ചുവരുന്നു. തേങ്ങവെള്ളത്തിൽ നിന്നും ലഘുപാനീയങ്ങൾ, വിനാഗിരി മുതലായ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള പഠനങ്ങൾ നടത്തിവരുന്നു.

ഇവ കൂടാതെ നീര പൊതു ബ്രാൻഡിലും ലോഗോയിലും തയ്യാറാക്കി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിൽ കർഷകരെ സഹായിക്കുന്നതിന് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ Coconut Agro Park കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിലും സ്ഥാപിക്കും. ബനാന ഹണി അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിലും വെജിറ്റബിൾ അഗ്രോ പാർക്ക് ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ പഴത്തോട്ടം എന്ന സ്ഥലത്തായിരിക്കും തുടങ്ങുക. SFAC മുഖാന്തിരം മൂല്യവർദ്ധന എന്ന ലക്ഷ്യം നേടുന്നതിന് സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ

കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് 5 ലക്ഷം മുതൽ 50 ലക്ഷം വരെ (പരമാവധി 50%) യൂണിറ്റുകൾക്ക് കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും വേണ്ടി ചെലവാക്കുന്ന തുക ധനസഹായമായി ലഭിക്കും.

| | |
|---|---|
| ബി) ഏതെല്ലാം കാർഷിക വിഭവങ്ങളിൽ നിന്നാണ് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി) നാളികേരം, നെല്ല്, പഴവർഗ്ഗങ്ങൾ, തേൻ, പച്ചക്കറി, മാങ്ങ, സുഗന്ധവ്യഞ്ജനങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയിൽ നിന്നാണ് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നത്. |
| സി) ഇവയ്ക്ക് രാജ്യാന്തര വിപണി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;വിശദാംശം വ്യക്തമാക്കുമോ? | സി) നിലവിൽ കേരഫെഡ് ഉല്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിലും മറ്റും കയറ്റി അയയ്ക്കുന്നു. ഇതിന്റെ വിപണനം വിപുലീകരിക്കുന്നതിലേയ്ക്കായി കൂടുതൽ പരസ്യം കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് കേരാഫെഡ് അറിയിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുന്ന വൈഗ ശില്പശാല, അപേഡ (APEDA) സംഘടിപ്പിച്ച റിവേഴ്സ് ബൈയർ സെല്ലർ മീറ്റ് പ്രദർശനം തുടങ്ങിയ പരിപാടികളിൽ രാജ്യാന്തര വിപണി കണ്ടെത്തുന്നതിനായി VFPCK പങ്കെടുക്കുകയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>തൃശ്ശൂരിൽ നടക്കുന്ന VAIGA 2018 -ൽ സംരംഭകർക്കും, വിവിധ സ്ഥാപനങ്ങൾക്കും തങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്. |

Mayap

**സെക്ഷൻ ഓഫീസർ.**